**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ഭൂമിയുള്ള ഭവന രഹിതർക്കായി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അംഗനവാടി ജീവനക്കാരെ ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളായി പരിഗണിക്കുന്നതിന്അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.1948 /2018/ തസ്വഭവ      തിരുവനന്തപുരം,തീയതി: 17-07-2018

---

പരാമർശം :- 1) 30.05.2018 തീയതിയിലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ ലൈഫ് എം.എഫ്2/511/2017 നമ്പർ കുറിപ്പ്

2) ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16.05.2018 ന് ചേർന്ന ലൈഫ് മിഷൻ പ്രത്യേക അവലോകന യോഗത്തിലെ തീരുമാനം നമ്പർ

**ഉത്തരവ്**

ഭൂമിയുള്ള ഭവന രഹിതർക്കായി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അംഗനവാടി ജീവനക്കാരെ ഗുണഭോക്താക്കളായി പരിഗണിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ടി വിഷയം പരാമർശം (2)ലെ യോഗത്തിൽ ചർച്ച ചെയ്യുകയും, ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപെട്ട ഭൂമിയുള്ള ഭവന രഹിതരായ അംഗനവാടി ജീവനക്കാരുടെ വിഷയത്തിൽ, മറ്റ് തരത്തിൽ അർഹതയുള്ള പക്ഷം അവരെ ഗുണഭോക്താക്കളായി പരിഗണിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് എന്നും പ്രസ്തുത തീരുമാനം ഉത്തരവായി പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും പരാമർശം(1) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഭൂമിയുള്ള ഭവന രഹിതർക്കായി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഭവന രഹിതരായ അംഗനവാടി ജീവനക്കാരുടെ വിഷയത്തിൽ മറ്റ് തരത്തിൽ അർഹതയുള്ള പക്ഷം അവരെ ലൈഫ്

പദ്ധതിയിൽ ഗുണഭോക്താക്കളായി പരിഗണിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടി.കെ ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസനകമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ